തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 395/എ1/2022/അഡ്മിൻ. 20.07.2022

# വിജ്ഞാപനം

വിഷയം:- പഠനസ്കൂൾ ഡയറക്ടർമാർക്കിടയിൽ നിന്നും അധ്യാപകർക്കിടയിൽ നിന്നും ഓരോ അംഗങ്ങളെ നിർവാഹകസമിതിയിലേക്ക് തിരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 05.07.2022 ലെ 395/എ1/2022/അഡ്മിൻ നമ്പർ വിജ്ഞാപനം.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം വകുപ്പ് 13 (ബി) (i) പ്രകാരം ജനറൽ കൗൺസിലിലെ സ്കൂളുകളിലെ ഡയറക്ടർമാരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ ഒരംഗത്തെയും, 13(ബി) (ii) പ്രകാരം ജനറൽ കൗൺസിലിലെ അദ്ധ്യാപകരിൽ നിന്നും ജനറൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ ഒരംഗത്തെയും നിർവാഹകസമിതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനായി മേൽ പരാമർശ പ്രകാരം സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2019 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 31 പ്രകാരം നാമനിർദ്ദേശപത്രിക സ്വീകരിക്കപ്പെട്ട താഴെ പേർ പറയുന്ന സ്കൂൾ ഡയറക്ടറെയും അദ്ധ്യാപകനെയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിർവാഹകസമിതിയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**സ്കൂൾ ഡയറക്ടർമാർക്കിടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗം**

1. ഡോ. സ്മിത കെ. നായർ, ഡയറക്ടർ, ഭാഷാശാസ്ത്ര സ്കൂൾ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല

**മുഴുവൻ സമയ അദ്ധ്യാപകർക്കിടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗം**

1. ഡോ. ശശി കെ.വി., അസിസ്റ്റന്റ് പ്രൊഫസർ, സംസ്കാരപൈതൃകപഠനസ്കൂൾ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല

തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ/അദ്ധ്യാപകൻ 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലും, ആക്ട് പ്രകാരം നിർമിതമായ 2019 ലെ സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം നിർവാഹകസമിതിയിലെ അംഗങ്ങളായി സ്ഥാനം വഹിക്കുന്നതാണ്.

**വൈസ് ചാൻസലറുടെ ഉത്തരവു പ്രകാരം**

തിരൂർ
മലപ്പുറം

**ഡോ. റെജിമോൻ പി.എം.**
**രജിസ്ട്രാർ & വരണാധികാരി**